## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4240** — **25.06.2018-ൽ മറുപടിക്ക്**

## കേരളത്തിൽ വച്ച് മരിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ വച്ച് മരിക്കുന്ന ഇതരസംസ്ഥാനത്തൊഴിലാളികളുടെ മൃതദേഹങ്ങൾ അവരുടെ സ്വദേശങ്ങളിൽ എത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) ഇല്ലെങ്കിൽ ഇതിനുള്ള പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും ഉണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ഭൗതികശരീരം വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കുറഞ്ഞത് 5000 രൂപ മുതൽ പരമാവധി 15000 രൂപ വരെ അനുവദിച്ചു വരുന്നു. സംസ്ഥാനത്തിനകത്ത് വച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) ഭൗതീക ശരീരം സ്വദേശത്തേക്ക് എത്തിക്കുന്നതിന് 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചുകൊണ്ടും ടി ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരെ ചുമതലപ്പെടുത്തികൊണ്ടും 04.06.2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് വച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊളിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട് പോസ്റ്റ്മാർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർക്ക് തുക അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.